**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **23-08-2022 - ൽ മറുപടിയ്ക്ക്**

**വിമാന ടിക്കറ്റ് ചാർജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലയാളികളെ കൂടുതൽ ദോഷകരമായി ബാധിക്കുന്ന വിമാന ചാർജ് വർദ്ധനവ് പിൻവലിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | വിമാന യാത്രാനിരക്ക് വർദ്ധനവ് നിയന്ത്രിക്കുന്നതിനായി സർവ്വീസുകളുടെയും, സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും, വ്യോമയാന മന്ത്രാലയത്തോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാന യാത്രാ നിരക്ക് വർദ്ധനവ് തടയുന്നതിനും വിമാന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ, വിമാനയാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937 ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, യാത്രക്കാരുടെ തിരക്ക്, ചെലവ്, ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം വിമാന കമ്പനികൾക്കുണ്ടെന്നാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്.<br><br>ഇതിനു പുറമേ, കോവിഡ് ലോക്ക് ഡൗണിനു ശേഷം ആഭ്യന്തര-അന്താരാഷ്ട്ര വിമാന ചാർജ്ജിൽ വന്ന ഭീമമായ വർദ്ധന പ്രവാസികളേയും വിനോദ സഞ്ചാരികളേയും പ്രതികൂലമായി ബാധിക്കുന്നതിനാൽ ഈ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനു വേണ്ട ഇടപെടൽ |

| | | | |
|---|---|---|---|
| | | | നടത്തണമെന്നാവശ്യപ്പെട്ട് ബഹു. പ്രധാനമന്ത്രിക്ക 02.07.2022 ന വീണ്ടും കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | അടിക്കടിയുള്ള വിമാന ടിക്കറ്റ് ചാർജ് വർദ്ധനവ് കാരണം വിദേശരാജ്യങ്ങളിലെ ജോലിസ്ഥലത്തേക്ക് കൃത്യസമയത്ത് എത്താൻ സാധിക്കാതെ ധാരാളം മലയാളികളുടെ തൊഴിൽ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ